പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3378 — 13.03.2017 ൽ മറുപടിക്ക്

**ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് പരിഷ്കാരങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എസ്.ശർമ്മ** | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ കാലോചിതമായ എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) വകുപ്പ് കേരളത്തിൽ 6 ജില്ലകളിലായി 14 സ്റ്റേഷൻ ഓഫീസുകൾ കേന്ദ്രീകരിച്ച് 52 ഷെഡ്യൂളുകൾ നിലവിൽ നടത്തിവരുന്നു, വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വീസ് ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവ ഇതുമായി ബന്ധപ്പെട്ട് വകുപ്പ് കുസാറ്റ്, തുറമുഖ വകുപ്പ് എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ദരുടെ നേതൃത്വത്തിൽ നിർമ്മിച്ചു വാങ്ങിയ 45 സ്റ്റീൽ ബോട്ടുകൾ വകുപ്പ് സർവ്വീസ് നടത്തിവരുന്നു. പഴയ തടി ബോട്ടുകൾ പുനർ വിന്യസിക്കുന്നതിന്റെ ഭാഗമായി 14 ആധുനിക ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ നൽകി നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പു വക ബോട്ടുകളുടെ റിപ്പയർ കാര്യക്ഷമമായി നടത്തുന്നതിനായി പുതുതായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ 4 ബോട്ടുകൾ കയറ്റാവുന്ന ഡ്രൈഡോക്കും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയും നിർമ്മിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതും ടി യാർഡുകളിൽ ബോട്ടുകളുടെ അറ്റകുറ്റപണികൾ വകുപ്പ് സ്വന്തം നിലയിൽ നടത്തിവരുകയുമാണ്. വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തി നിലവിൽ ആലപ്പുഴ - കൊല്ലം, കൊല്ലം - ആലപ്പുഴ, സീ-കുട്ടനാട് എന്നിങ്ങനെ 3 സർവ്വീസുകൾ വകുപ്പ് വിജയകരമായി നടത്തിവരുന്നു. ഇതിന് പുറമെ വൈക്കം – എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ കൂടി അത്യാധുനിക എ.സി ബോട്ടുകൾ വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ബോട്ടുകൾ നിർമ്മിച്ച് വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിനും അതുവഴി ഡീസൽ ഒഴിവാക്കി ലാഭകരമായ സർവ്വീസുകൾ നടത്തുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് വകുപ്പിന്റെ വൈക്കം – തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. സർവ്വീസ് ബോട്ടുകളിൽ യാത്രാക്കാർക്കും ജീവനക്കാർക്കും പൂർണ്ണ സുരക്ഷ ഉറപ്പാക്കുന്ന തരത്തിലുള്ള ആധുനീക സുരക്ഷാഉപകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുള്ളതുമാണ്. വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ ബോട്ടുകൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ ബോട്ടുകളുടെ നിർമ്മാണം നടന്നുവരുന്നു. കായൽ മലിനീകരണം തടയുന്നതിനും ജീവൻരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനുമായി ഹ്രസ്വ ചിത്രം വകുപ്പ് പുറത്തിറക്കുകയും ഇത് ബോട്ടുകളിലും സ്റ്റേഷനുകളിലും പ്രദർശിപ്പിക്കുന്നതിനായി വീഡിയോ സ്ക്രീൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കാലോചിതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും അതുവഴി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനും വകുപ്പ് പ്രത്യേകം ശ്രദ്ധപുലർത്തുന്നു |
| (ബി) | എറണാകുളത്തു നിന്നും വേമ്പനാട്ടുകായൽ വഴി കോട്ടയത്തേയ്ക്കും, കൊല്ലത്തേയ്ക്കും, ആലപ്പുഴയിലെ നയന മനോഹരമായ പ്രകൃതിയും ആസ്വദിച്ചുകൊണ്ട് ജലമാർഗ്ഗമുള്ള ലിമിറ്റഡ് സ്റ്റോപ്പ് യാത്രാബോട്ടുസർവ്വീസുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; | (ബി) | നിലവിൽ ആലപ്പുഴയിൽ നിന്നും കൊല്ലത്തേക്കും തിരിച്ചും ആധുനീക സ്റ്റീൽ ബോട്ടുപയോഗിച്ച് വിനോദ സഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ സർവ്വീസുകൾ വകുപ്പ് നടത്തിവരുന്നു. പുതുതായി വൈക്കം – എറണാകുളം, ആലപ്പുഴ-കുമരകം-കോട്ടയം എന്നീ രണ്ട് റൂട്ടുകളിൽ കൂടി അതിവേഗ യാത്രാ ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ജലമാർഗ്ഗമുള്ള വേഗതയേറിയ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഒപ്പംതന്നെ ചെറുദ്വീപുകളെ സംയോജിപ്പിച്ചു കൊണ്ടുള്ള ചെറുതും വലുതുമായ സർവ്വീസുകൾ ആരംഭിക്കാനും | (സി) | ജലമാർഗ്ഗമുള്ള വേഗതയേറിയ യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അടുത്ത സാമ്പത്തിക വർഷത്തിൽ 2 വാട്ടർ ടാക്സിയും ഒരു ക്രൂയിസ് വെസ്സലും സർവ്വീസ് നടത്തുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു. കൂടാതെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് |

| | |
|---|---|
| നടപടി സ്വീകരിക്കുമോ? | വിനോദസഞ്ചാരികൾക്കും യാത്രാക്കാർക്കും ഒരുപോലെ യാത്ര ചെയ്യുവാൻ ഉതകുന്ന രീതിയിൽ സീ-അഷ്ടമുടി എന്ന പേരിൽ പാസഞ്ചർ കം ടൂറിസ്റ്റ് സർവ്വീസും ആരംഭിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ